KOLLAM CITY

# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 05/02/2020

## “എയ്ഞ്ചൽ – മാലാഖ”

## കുട്ടികളോടുള്ള ലൈംഗിക അതിക്രമത്തിനെതിരെയുള്ള പോലീസ് പദ്ധതി

### വാവ എക്സ്പ്രസ് : എയ്ഞ്ചൽ പദ്ധതിക്കായുള്ള ബോധവൽകരണ വാഹനം

കൊല്ലം : കുട്ടികൾക്കെതിരെയുള്ള എല്ലാവിധ പീഢനങ്ങളും തടയുന്നതിനും അതിനെതിരെ



“വാവ എക്സ്പ്രസ്സിന്റെ” ഫ്ളാഗ് ഓഫ് ബഹു സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി IPS നിർവ്വഹിക്കുന്നു.

സമൂഹത്തെ ജാഗരൂകരാക്കുന്നതിനും, ഏവരിലും അവബോധം ശൃഷ്ടിക്കുന്നതിനും വേണ്ടി കൊല്ലം സിറ്റി പോലീസ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് **“എയ്ഞ്ചൽ – മാലാഖ”** ലൈംഗിക പീഢനങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കേണ്ടത് ഓരോ വ്യക്തികളുടേയും കടമയാണെന്നും സമൂഹം ഒന്നടങ്കം ഈ കർത്തവ്യ ബോധം ഉൾക്കൊള്ളേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്നുള്ള ബോധവത്കരണ സന്ദേശനവുമായി **“വാവ എക്സ്പ്രസ്സ് ”** എന്ന വാഹനം കൊല്ലം സിറ്റി പരിധിയിലൂടെയുള്ള സഞ്ചാരം തുടങ്ങി. കുട്ടികൾക്കെതിരെയുണ്ടാകുന്ന ലൈംഗിക പീഢനങ്ങൾ ഫലപ്രദമായി തടയുന്നതിന് ജനമൈത്രി പോലീസ് സംവിധാനത്തിന്റെ പങ്കാളിത്തത്തോടെയാണ് **“വാവ എക്സ്പ്രസ്സ് ”** ഒരുക്കിയിരിക്കുന്നത്. വരും ദിവസങ്ങളിൽ നാടകവും പാട്ടും ഫ്ളാഷ് മോബും ഉൾപ്പടെയുള്ള കലാപരിപാടികളുമായി **“വാവ എക്സ്പ്രസ്സ് ”** നഗരകാഴ്ചയുടെ ഭാഗമാകുന്നു. **“വാവ എക്സ്പ്രസ്സിന്റെ”** ഫ്ളാഗ് ഓഫ് ബഹു സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി IPS ഇന്നേ ദിവസം (05.02.2020) രാവിലെ 09.30 മണിക്ക് സെന്റ് ജോസഫ് സ്കൂളിൽ നിർവ്വഹിച്ചു. ഈ ചടങ്ങിൽ കൊല്ലം എ.ആർ ക്യാമ്പ് ഡെപ്യൂട്ടി കമണ്ടാന്റ്

ശ്രീ. ആർ. ബാലൻ,. കൊല്ലം എ.സി.പി പ്രദീപ് കുമാർ, ഡി.സി.ആർ.ബി എ.സി.പി അനിൽ കുമാർ എം, പദ്ധതി കോഡിനേറ്ററും ജില്ലാ ക്രൈം ബ്രാഞ്ച് സബ്ബ് ഇൻസ്പക്ടർ ശ്രീ. ഷാന വാസ് എച്ച്, കെ.എൻ അനിൽ കുമാർ ജനമൈത്രി സബ്ബ് ഇൻസ്പക്ടർ ശ്രീ. സുനിൽ കുമാർ സെന്റ് ജോസഫ് സ്കൂൾ പ്രിൻസിപ്പൾ സിസ്റ്റർ സൂസി എന്നിവർ സംസാരിച്ചു. തുടർന്ന് വിമല ഹൃദയ ഐ.സി.എസ്.സി സ്കൂൾ കുട്ടികൾ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നഗരത്തിന്റെ വിവിധ സ്ഥലങ്ങളിൽ ബോധവൽക്കരണ ഫ്ളാഷ് മോബ് അവതരിപ്പിച്ചു.


വിമല ഹൃദയ ഐ.സി.എസ്.സി സ്കൂൾ കുട്ടികൾ അവതരിപ്പിക്കുന്ന ഫ്ളാഷ് മോബ്